**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 452** **06-12-2022 - ൽ മറുപടിയ്ക്ക്**

**ധനകാര്യവകുപ്പിനെ സംബന്ധിച്ച പ്രവൃത്തി പഠന റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ധനകാര്യ വകുപ്പിൽ നടത്തിയ പ്രവൃത്തി പഠനം സംബന്ധിച്ച അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ധനകാര്യ വകുപ്പിൽ നടത്തിയ പ്രവൃത്തി പഠനം സംബന്ധിച്ച അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. നിലവിൽ പഠനസംഘങ്ങൾ തയ്യാറാക്കിയ വിശദാംശങ്ങൾ ഈ വിഷയവുമായി ബന്ധപ്പെട്ട സമിതിയുടെ പരിഗണനയിലാണ്. പ്രസ്തുത സമിതിയുടെ നിഗമനങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ കരട് റിപ്പോർട്ടിന് അന്തിമ രൂപം കൈവരുകയുള്ളൂ. |
| (ബി) | ഇത് സംബന്ധമായ കരട് റിപ്പോർട്ടിൽ മറ്റ് പല വകുപ്പുകളിലും നടപ്പാക്കിയതുപോലെ ധനകാര്യ വകുപ്പിലെ പല വിംഗുകളുടെയും പ്രവർത്തനം തടസ്സപ്പെടുന്ന രീതിയിലുള്ള തസ്തിക വെട്ടിക്കുറയ്ക്കൽ ശിപാർശ ചെയ്തിട്ടുണ്ടോ; | (ബി) | പിരിവ് (എ)-യിൽ ചേർത്തിട്ടുണ്ട്. |
| (സി) | ധനകാര്യ പരിശോധനാ നോൺ ടെക്നിക്കൽ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്ന തരത്തിലുള്ള തസ്തിക വെട്ടിക്കുറയ്ക്കൽ ശിപാർശ ചെയ്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പിരിവ് (എ)-യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | സെക്രട്ടേറിയറ്റിൽ പ്രവർത്തിച്ചുവരുന്ന ധനകാര്യ പരിശോധനാ വിംഗുകളുടെ എണ്ണം വെട്ടിക്കുറയ്ക്കാനും അണ്ടർ സെക്രട്ടറിമാരുടെ തസ്തിക ഒഴിവാക്കാനുമുള്ള കരട് നിർദ്ദേശം ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തെ ഉൾപ്പടെ മന്ദീഭവിപ്പിക്കുവാനും അഴിമതിയ്ക്ക് കളമൊരുക്കുവാനും ഇടയാക്കും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെടിട്ടുണ്ടോ; | (ഡി) | പിരിവ് (എ)-യിൽ ചേർത്തിട്ടുണ്ട്. |
| (ഇ) | ധനകാര്യ പരിശോധനാ വിഭാഗത്തെ കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാവുമോ? | (ഇ) | പരിശോധിച്ച് ആവശ്യമെങ്കിൽ നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ